പ്രേക്ഷകരുടെ അനുമോദനങ്ങളും വിമർശനങ്ങളും ഒരുപോലെ ഏറ്റുവാങ്ങി യാത്ര തുടരുകയാണ് ഏഷ്യാനെറ്റിലെ "ബിഗ് ബോസ്സ്" എന്ന പരിപാടി. അടുത്തിടെ അവർ പ്രേക്ഷകർക്കായി ഒരനുകരണമത്സരം നടത്തി. പങ്കെടുത്തവരിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ആൾക്ക് സമ്മാനം ബിഗ് ബോസ്സിന്റെ ഗ്രാൻഡ് ഫിനാലെയുടെ ചിത്രീകരണം കാണാനുള്ള അവസരം. വീണ നായരെ അനുകരിച്ച് ആ സമ്മാനം നേടിയത് ഒരു ബാങ്ക് ജീവനക്കാരിയാണെന്നത് ഒരു വലിയ കൗതുകം. ആ കലാകാരിയാണ് നമ്മുടെ ഈ ആഴ്ചത്തെ ടാലന്റഡ് ബാങ്കർ.

**അനോജാ രാജ്,**
**സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,**
**കൊട്ടിയം ശാഖ.**

കെ എസ് ആർ ടി സി യിലെ ഇൻസ്‌പെക്ടർ ആയി റിട്ടയർ ചെയ്ത എൻ രാജേന്ദ്രന്റെയും കൃഷിഭവനിൽ അസിസ്റ്റന്റ് ആയിരുന്ന സതീദേവിയുടെയും മകളായ അനോജ കൊല്ലം നെടുമൺകാവ് സ്വദേശി ആണെങ്കിലും മാതാപിതാക്കളുടെ ജോലി സ്ഥലമായിരുന്ന മലപ്പുറത്തായിരുന്നു ഒന്നാം ക്ലാസ്സ് വരെ പഠിച്ചിരുന്നത്. അതിന് ശേഷം നാലാം ക്ലാസ്സ് വരെ ഓടനാവട്ടം ടാഗോർ ഇംഗ്ലീഷ് മീഡിയം സ്കൂളിലും പത്താം ക്ലാസ്സ് വരെ കൈതക്കുഴി നെഹ്‌റു മെമ്മോറിയൽ ഇംഗ്ലീഷ് മീഡിയം സ്കൂളിലും പ്ലസ് ടു കൊല്ലം വിമലഹൃദയ സ്കൂളിലും ആയിരുന്നു.
സ്കൂളിൽ പഠിക്കുന്ന കാലത്ത് പല പരിപാടികളിലും പങ്കെടുക്കണം എന്ന് ആഗ്രഹമുണ്ടായിരുന്നെങ്കിലും അനോജയെ വേണ്ട പോലെ കലാരംഗത്തേക്ക് കൈ പിടിച്ചുയർത്താൻ ആരും ഇല്ലാഞ്ഞതാണോ അതോ സ്വയം ഉൾവലിഞ്ഞതാണോ എന്ന് തിരിച്ചറിയാൻ ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ കഴിയുന്നില്ല എന്ന് അനോജ സ്വയം വിലയിരുത്തുന്നു.

പക്ഷേ ഉള്ളിലെ ആഗ്രഹത്തിന്റെ തുടിപ്പുകൾ അനോജയെ പല ഗ്രൂപ്പിനങ്ങളിലും പങ്കെടുക്കാൻ പ്രേരണ നൽകി. അത് കൊണ്ട് തന്നെ സമ്മാനങ്ങൾക്കൊന്നിനും തന്റേത് മാത്രമായ ഒരവകാശം അനോജക്ക് അവകാശപ്പെടാനില്ലായിരുന്നു.

സ്കൂൾ കാലഘട്ടത്തിന് ശേഷം തൃശൂർ മെറ്റ്സ് സ്കൂൾ ഓഫ് എഞ്ചിനീയറിങ്ങിൽ ചേർന്ന അനോജ എഞ്ചിനീയറിങ് പഠനശേഷം 2010ൽ മാർക്കറ്റിംഗും ബിസിനസ്സും കൈകാര്യം ചെയ്യുന്ന അരുൺ പ്രകാശിന്റെ ജീവിതത്തിലേക്ക് കടന്നതോടെ ജീവിതത്തിന്റെ ഗതി മാറുകയായിരുന്നു.

പാചകത്തിൽ കമ്പം കയറിയ അനോജ കുടുംബസംഗമം വേദികളിൽ പുതിയ

പുതിയ രുചിക്കൂട്ടുകളുമായി എത്തിയപ്പോൾ പലർക്കും അതിന്റെ പാചകതന്ത്രങ്ങൾ അറിയാൻ താല്പര്യമായി. അത് മനോഹരമായി അവതരിപ്പിക്കാൻ അനോജ തയാറായിരുന്നെങ്കിലും അത് ഒരിക്കൽ മാത്രമേ കേൾക്കാനും കാണാനും കഴിയൂ എന്ന പരിമിതിയെ മറികടക്കാൻ പോംവഴി കണ്ടെത്തിയത് അരുണാണ്. ഇതൊക്കെ വീഡിയോ ആയി അവതരിപ്പിക്കുക. അങ്ങനെയാണ് "ജസ്റ്റ് എ മിനിറ്റ് വിത്ത് അനു" എന്ന വീഡിയോയുടെ തുടക്കം.

കുടുംബഗ്രൂപ്പുകളുടെ വാട്സ്ആപ്പ് കൂട്ടായ്മകളിൽ അനോജയുടെ വീഡിയോകൾക്ക് ആരാധകർ ഏറെയായപ്പോൾ ഇതൊക്കെ കുറേക്കൂടി കൂടുതൽ പ്രേക്ഷകരിലെത്തിക്കാനുള്ള മാർഗമായാണ് ഈ കുടുംബം ഒരു കൊല്ലം മുൻപ് യൂ ട്യൂബിലേക്ക് കാൽ വച്ചത്.

2013ൽ അനോജ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ചേർന്നു. ബാങ്കിന്റെ തൃശ്ശൂർ ജില്ലയിലെ കാറളം ശാഖയിൽ. അവിടെ നിന്നും തിരുവനന്തപുരം എൽ എച്ച് ഒ കൊല്ലം എന്നീ ശാഖകളിലൂടെ ഇപ്പോൾ ജോലി ചെയ്യുന്ന കൊട്ടിയം ശാഖയിലേക്ക്.
ജോലിക്കിടയിലും തന്റെ ഇഷ്ടങ്ങളെ നെഞ്ചോട് ചേർക്കുന്നു അനോജ.

"ജസ്റ്റ് എ മിനിറ്റ് വിത്ത് അനു" എന്ന യൂ ട്യൂബ് ചാനലിന് പാചകത്തിൽ മാത്രം ആയിരുന്നു ശ്രദ്ധ. പക്ഷേ അനുവിന്റെയും അരുണിന്റേയും അവതരണം തങ്ങളുടെ പ്രവർത്തനമേഖലക്ക് ഗുണകരമാകും എന്ന് ചില സുഹൃത്തുക്കൾക്ക് തോന്നിയപ്പോൾ പിന്നെ അതേക്കുറിച്ചായി ഇവരുടെ ചിന്ത.

ജീവിതത്തിൽ എല്ലാവർക്കും എന്തിനോടെങ്കിലും കൊതിയുണ്ടാകും, അങ്ങനെയല്ലാതെ ആരുമുണ്ടാകില്ല എന്നാണ് അനോജയുടെ പക്ഷം. ആ ചിന്തയാണ് അനോജയുടെ പുതിയ ചാനലിന്റെ തുടക്കത്തിലേക്ക് നയിച്ചത്. അങ്ങനെ "കൊതിയൻസ്" പിറവിയെടുത്തു.

ആനകളെക്കുറിച്ച്, ഉത്സവങ്ങളെക്കുറിച്ച്,
വളർത്തുമൃഗങ്ങളെക്കുറിച്ച്, മത്സ്യകൃഷിയെക്കുറിച്ച്, ഭഷ്യവിഭങ്ങളെക്കുറിച്ച്, വ്യത്യസ്തമായ രുചിക്കൂട്ടുകൾ ഒരുക്കുന്ന ഹോട്ടലുകളെക്കുറിച്ച്...അങ്ങനെ എന്തിനെക്കുറിച്ചും വീഡിയോ തയാറാക്കാൻ കൊതിയൻസ് തയാർ. അതിലൊക്കെ രണ്ട് വർത്തമാനം പറയാൻ യു കെ ജി വിദ്യാർത്ഥിയായ ആർജിതും റെഡി. മൂന്ന് പേരും ചേർന്നവതരിപ്പിക്കുന്ന ചില വീഡിയോകൾ ലക്ഷങ്ങൾക്കപ്പുറം കാഴ്ചക്കാരിലേക്കെത്തിയിട്ടുണ്ട് എന്ന് പറയുമ്പോൾ അനോജയുടെ വാക്കുകളിൽ മധുരം നിറഞ്ഞു തുളുമ്പി.

കൊതിയൻസിന്റെ വരിക്കാരുടെ എണ്ണം ഇരുപതിനായിരത്തിനും മേലെയാണ്

എന്ന് പറയുമ്പോൾ തങ്ങളുടെ കൊച്ചു സംരഭത്തിനെ ഹൃദയം തുറന്ന സ്വീകരിച്ചവരോടുള്ള നന്ദിയിൽ അനോജയുടെ മനസ്സ് തിളങ്ങി.

വലിയ അഭിനയമോഹം മനസ്സിൽ കൊണ്ട് നടക്കുന്ന അനോജ ഒരു ഷോർട്ട് ഫിലിമിലും മുഖം കാണിച്ചിട്ടുണ്ട്. എസ് ബി ഐ യുടെ ഇക്കഴിഞ്ഞ സർഗോത്സവത്തിലും അനോജ സജീവമായിരുന്നു. അനോജയും സുഹൃത്തുക്കളും അവതരിപ്പിച്ച സംഘനൃത്തം മൂന്നാം സമ്മാനം നേടുകയും ചെയ്തു.

അനോജയുടെ സ്വപ്നമായ "കൊതിയൻസ്" കൂടുതൽ ഉയരങ്ങളിലേക്കും പ്രേക്ഷകരിലേക്കും കടന്നു ചെല്ലട്ടെ എന്ന് ഹൃദയപൂർവം ആശംസിക്കുന്നു. അതൊപ്പം അനോജയുടെ സ്വപ്നങ്ങളും.

അനോജയുടെ Youtube ലിങ്ക് : https://www.youtube.com/channel/UC_DT4dQh65-itd1Qwt_E6Yw

**English Version**

“Big Boss” programme of Asianet is moving ahead, unaffected by the praises and criticisms of the viewers. They recently conducted a mimicking competition for the viewers the prize for the winner of which is the chance to be part of the “Big Boss” grand finale. The fascinating point is that the winner turned out to be a banker who imitated Veena Nair . She is this week’s talented banker:

Anoja Raj
State Bank of India
Kottiyam branch

She is the daughter of retired KSRTC inspector N.Rajendran and former Krishibhavan assistant Sathidevi. Though a native of Kollam Nedumankavu, till her 1st grade she was in Malappuram where her parents worked. She studied till 4th grade from Odanavattom Tagore English Medium School, then went to Kaithakuzhi Nehru Memorial English Medium School till 10th grade and did her +2 from Kollam Vimala Hridaya School. During her school days, though interested in being part of various programmes and competitions she still wonders if it was her introvert nature or the absence of proper encouragement in extra curricular activities that pulled her back. But her innate desire inspired her to participate in group events and bag prizes alongside her friends.

After her schooling she joined the Thrissur MET's School of Engineering and in 2010 got married to Arun Prakash, a marketing and business man, an event that changed the course of her life.

As she developed a passion for cooking, she started experimenting and came up with a variety of dishes during their Kudumba sangamams. She shared the recipes with interested relatives and then noticed she could present the same beautifully. Arun decided to create videos of her presentations and thus were born the “Just a minute with Anu" videos. As her videos became popular in her family

WhatsApp groups, last year the couple decided to share them in YouTube which would attract more admirers for her.

Anoja joined the bank in 2013 at the Karalam branch, Thrissur. She got transferred to Thiruvananthapuram LHO, Kollam branch and then to Kottiyam branch where she is presently working. Her passion has followed her all the way.

“Just a minute with Anu" concentrated only on cooking tips and recipes. Their friends’ suggestions that their presentation ways would help in their fields of work got Arun and Anoja thinking. Every person would have temptations to some things in life. This thought led them to start a new channel in YouTube, “Kothiyans".

Elephants, temple festivals, pets,pisciculture, food items, restaurants offering different varieties of food.. “kothiyans” would present a video on anything under the sun. And the UKG student Arjit is ever ready to put in his views on them too. As Anoja says that some of the videos thus uploaded by the family have attracted lakhs of viewers, her words sound as sweet as honey. Also, her gratitude reflects on her eyes as she tells us their channel has over 20000 subscribers.

Her longing to be an actor has made her appear in a short film. Needless to say, she was an inevitable presence in the State Bank of India Sargotsavam programme, bagging third prize for group dance competition.

We heartily wish that Anoja's dream-come-true endeavor “Kothiyans" scale heights and gain popularity. Also her undying dreams...

---

**തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം**

**English version: Arya Gayathry, State Bank of India, LHO Thiruvananthapuram**